പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2676

18.06.2018-ൽ മറുപടിക്ക്

## പുളിഞ്ഞോളിക്കടവ് പാലം നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി മണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ് പാലത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പരും വ്യക്തമാക്കാമോ; | (എ) തലശ്ശേരി മണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലെത്തിയപ്പോൾ പാലം നിർമ്മിക്കുന്ന സ്ഥലത്തുകൂടി ജലപാത വരുന്നതായി അറിയാൻ കഴിഞ്ഞതിനാൽ ഡിസൈൻ തയ്യാറാക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്. എന്നാൽ ജലപാത റൂട്ട് സംബന്ധിച്ച് ഉൾനാടൻ ജലഗതാഗതവകുപ്പുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും കൃത്യമായി റൂട്ട് നിർദ്ദേശിക്കുവാൻ ജലഗതാഗത വകുപ്പിന് സാധിച്ചിട്ടില്ല. ആയതിനാൽ ഫൈനൽ ഡിസൈൻ തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 6 മാസത്തിനുള്ളിൽ ഉൾനാടൻ ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും റൂട്ട് സംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. നിലവിൽ പ്രവൃത്തിയുടെ ഫയൽ അസിസ്റ്റന്റ് എഞ്ചിനിയർ, പാലങ്ങൾ വിഭാഗം, തലശ്ശേരിയുടെ കാര്യാലയത്തിലാണുള്ളത്. ആയതിന്റെ ഫയൽ നമ്പർ. AE/BT/PULI/2017. |

| | | |
|---|---|---|
| (ബി). | പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ആരംഭിയ്ക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) ഉൾനാടൻ ജലഗതാഗതവകുപ്പ് പാലം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ വെർട്ടിക്കൽ, ഹോറിസോണ്ടൽ ക്ളിയറൻസ് എത്രയാണെന്ന് അറിയിച്ചാൽ മാത്രമേ പാലത്തിന്റെ ഫൈനൽ ഡിസൈൻ തയ്യാറാക്കുവാൻ സാധിയ്ക്കുകയുള്ളൂ. ഫൈനൽ ഡിസൈൻ തയ്യാറാക്കിയ ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതിനു ശേഷം തുടർ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ് . |

S. Bindu
സെക്ഷൻ ഓഫീസർ